# മന്ത്രിസഭാ തീരുമാനങ്ങൾ

## (25.11.2009)

- ഇ.എം.എസ്. ഭവനപദ്ധതി, എം.എൻ.ലക്ഷംവീട് പദ്ധതി, വനാവകാശനിയമപ്രകാരം ഭൂമി ലഭിച്ചവർ നിർമ്മിക്കുന്ന വീട് എന്നീ പദ്ധതിയിൽപ്പെടുന്ന പട്ടികവിഭാഗക്കാർക്ക് (ആദിവാസികൾക്ക്) വീട് വെയ്ക്കുന്നതിന് ആവശ്യമായ തടി സൗജന്യമായി നൽകുന്നതിന് തീരുമാനിച്ചു. പ്ലാവ്, ആഞ്ഞിലി, മരുത് തുടങ്ങിയ ഇനങ്ങളിൽപ്പെട്ട മരങ്ങളാണ് വനംവകുപ്പ് ഡിപ്പോകളിൽ നിന്നും നൽകുന്നത്.

- കെ.റ്റി.ഡി.എഫ്.സി. സ്വീകരിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് സർക്കാർ നൽകുന്ന ഗ്യാരന്റിയുടെ പരിധി 400 കോടിയിൽനിന്ന് 600 കോടിയായി ഉയർത്താൻ തീരുമാനിച്ചു. വനം-പരിസ്ഥിതി തർക്കപ്രദേശങ്ങളിൽ ഇ.എഫ്.എൽ. ആക്ടിന്റെ കീഴിൽ 2007 ൽ പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു. രണ്ട് ഹെക്ടർവരെയുള്ള ഭൂപ്രദേശങ്ങൾ സംബന്ധിച്ച തർക്കങ്ങൾക്ക് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി ഇ.എഫ്.എൽ. നിയമപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ചെറുകിട കർഷകരുടെ പ്രയാസങ്ങൾ ലഘൂകരിക്കാൻവേണ്ടിയാണ് ഈ ഭേദഗതി.

- കോവളം ലൈറ്റ്ഹൗസ് ബീച്ചിലെ ഒൻപത് കുടുംബങ്ങളെ ഒഴിപ്പിച്ച് അവരുടെ പുനരധിവാസത്തിനായി വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് 14 ൽ മൂന്ന് സെന്റ് ഭൂമിവീതം നൽകാൻ തീരുമാനിച്ചു.

- ആലപ്പുഴ ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെതുൾപ്പെടെ 41 അധിക തസ്തിക സൃഷ്ടിക്കുന്നതിനും കിടക്കകളുടെ എണ്ണം 174ൽ നിന്ന് 400 ആയി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.

- തൃശൂർ ആസ്ഥാനമായി മെഡിക്കൽ സർവകലാശാല സ്ഥാപിക്കുവാൻ തീരുമാനിച്ചു. ഇതുസംബന്ധിച്ച് ഇതുമായി ബന്ധപ്പെട്ട ഓർഡിനൻസ് മന്ത്രിസഭ അംഗീകരിച്ച് ഗവർണറോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

- ആഭ്യന്തരവകുപ്പിൽ മൂവായിരം ഹോം ഗാർഡ്സ്മാരെ നിയോഗിക്കുവാൻ ഭരണാനുമതി നൽകാൻ തീരുമാനിച്ചു. അഗ്നിശമന രക്ഷാപ്രവർത്തനങ്ങൾ, ഗതാഗത നിയന്ത്രണം, ആഘോഷവേളകളിലെ സുരക്ഷാക്രമീകരണം, ദേശീയ ദുരന്ത നിവാരണം തുടങ്ങിയ സേവനങ്ങൾക്ക് ഇവരെ ഉപയോഗിക്കപ്പെടാനാവും.

- കണ്ണൂരിൽ സൺഡേ സ്കൂൾ കഴിഞ്ഞ് മടങ്ങുകയായിരുന്ന വിദ്യാർത്ഥികളുടെ ഇടയിലേക്ക് മിനിലോറി കയറി മരണപ്പെട്ട രണ്ടു കുട്ടികളുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അഞ്ച് ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചു. ചികിത്സയിൽ ഇരിക്കുന്ന അഞ്ച് കുട്ടികളുടെ ചികിത്സാ ചെലവ് മുഴുവൻ സർക്കാർ വഹിക്കുന്നതാണ്.

✲✲✲✲✲✲